**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 115** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂപരിഷ്കരണ നയത്തിൽ മാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. കെ. രാജൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. അജയപ്രസാദ്

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂപരിഷ്കരണത്തിൽ സമഗ്രമാറ്റം കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഭൂമിയുടെ ന്യായമായ വിതരണം ഉറപ്പ് വരുത്തുന്നതിനാണ് 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിന് രൂപം നൽകിയിട്ടുള്ളത്.

കേരളത്തിന്റെ തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും തോട്ടഭൂമിയുടെ സ്വാഭാവികതരം സംരക്ഷിച്ചുകൊണ്ട് വൈവിധ്യം അനുവദിക്കുന്നതിനും ഭേദഗതികൾ അവതരിപ്പിക്കുന്നതിനും ദശാബ്ദങ്ങളായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന കർഷകരെ പട്ടയങ്ങൾ അനുവദിക്കപ്പെടുന്നതിൽ നിന്ന് തടഞ്ഞിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി, 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 22.09.2026 ലെ സ.ഉ (സാധാ) 1880/2026/ റവ ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് ജന്മിത്വം ഉന്മൂലനം ചെയ്ത പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും സ്വന്തമായി ഭൂമി ലഭ്യമാക്കിയ ഭൂപരിഷ്കരണ നയത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഭൂരഹിതരായ പാവപ്പെട്ടവരെ കണ്ടെത്തി അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി മുൻ സർക്കാർ ആരംഭിച്ച പദ്ധതി തുടരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഭൂരഹിതരായ പാവപ്പെട്ടവരെ കണ്ടെത്തി അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**